Lഇ.ബി.IX- കേരള നിയമസഭ/III-
പതിനൊന്നാം കേരള നിയമസഭ
മൂന്നാം സമ്മേളനം
നിയമസഭാനടപടികൾ
സംഗ്രഹം
2002 മാർച്ച്, 1 വെള്ളി

11-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനം 2002 മാർച്ച്, 1-ാം തീയ്യതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് നിയമസഭാഹാളിൽ ആരംഭിച്ചു.

ഗവർണ്ണറുടെ പ്രസംഗം

നിയമസഭാമന്ദിരത്തിന്റെ കിഴക്കു വശത്തുള്ള പ്രവേശന കവാടത്തിൽ രാവിലെ 8.55-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണറെ (ശ്രീ. സുഖ്ദേവ് സിംഗ് കാംഗ്) ബഹുമാനപ്പെട്ട സ്പീക്കറും നിയമസഭാ സെക്രട്ടറിയും ചേർന്നു സ്വീകരിച്ച് സ്പീക്കറുടെ വേദിയിലേക്ക് ആനയിച്ചു.

വേദിയിലെത്തിയ *ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാസാമാജികരെ* അഭിവാദ്യം ചെയ്തശേഷം 9.00 മണിക്ക് പ്രസംഗം ആരംഭിച്ചു.

(ഗവർണ്ണർ പ്രസംഗം ആരംഭിച്ചപ്പോൾത്തന്നെ എഴുതിതയാറാക്കിയ ഒരു പ്രസ്താവന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വായിച്ചുകൊണ്ടിരുന്നു. ഈ സമയം പല പ്രതിപക്ഷാംഗങ്ങളും ഗവൺമെന്റിനെതിരെ മുദ്രാവാക്യങ്ങൾ എഴുതിയ ബാഡ്ജുകൾ ധരിച്ചിരുന്നു; ചിലർ പ്ലക്കാർഡുകൾ ഉയർത്തിക്കാട്ടുകയും ചെയ്തിരുന്നു. *ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസ്താവന അവസാനിപ്പിച്ച ഉടൻതന്നെ പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കാൻ ആരംഭിച്ചു.*)

ഗവർണ്ണറുടെ പ്രസംഗം 9.27-വരെ നീണ്ടു നിന്നു.

(ഗവർണ്ണർ പ്രസംഗം അവസാനിപ്പിച്ചപ്പോഴും പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുന്നുണ്ടായിരുന്നു).

പ്രസംഗം പൂർത്തിയാക്കിയ ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാനപ്പെട്ട സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാമന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രവേശന കവാടത്തിലേക്ക് അനുഗമിച്ച് യാത്രയാക്കി.

(ഗവർണ്ണർ നിയമസഭാഹാളിൽ നിന്നും പുറത്തുപോകുന്നതുവരെ പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളി തുടരുകയും അതിനുശേഷം പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ അവർ സഭ വിട്ടു പുറത്തുപോവുകയും ചെയ്തു. ഈ സന്ദർഭത്തിൽ ഭരണകക്ഷിയിൽപ്പെട്ട ചില അംഗങ്ങൾ ഗവൺമെന്റിനെ അനുകൂലിച്ചും മുദ്രാവാക്യം മുഴക്കുകയുണ്ടായി.)

ഗവർണ്ണറെ യാത്രയാക്കിയശേഷം തിരിച്ചെത്തിയ ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ നിയമസഭാ സാമാജികർക്കും പത്രപ്രതിനിധികൾക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2002 മാർച്ച് 4,5,6 എന്നീ തീയതികളിൽ നടക്കുന്നതാണെന്നും പ്രമേയത്തിന് ഭേദഗതി നൽകാൻ ഉദ്ദേശിക്കുന്ന അംഗങ്ങൾ അതിനുള്ള നോട്ടീസ് 2002 മാർച്ച് 2-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3 മണിക്കു മുൻപ് നിയമസഭാ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>**

എസ്.ആർ.ഒ. നമ്പർ 96/2002, 97/2002, 98/2002, 100/2002, 101/2002, 106/2002, 115/2002, 125/2002, 127/2002 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ചു.

സഭ രാവിലെ 9.35-ന് പിരിഞ്ഞു.

------------------